**POLICE** **DEPARTMENT**

**KERALA**

**No. D-1101/2017/PTC**
Police Training College,
Thiruvananthapuram
principalptc.pol@kerala.gov.in
04712323229
Dated. 04-07-2017

## ലേല/ദർഘാസ് പരസ്യം

പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലിൻറെ അധീനതയിൽ ഉള്ളതും, പോലീസ് ട്രെയിനിംഗ് കോളേജ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസ് ഗോഡൌണിൽ ദണ്ഡനാവസ്ഥയിൽ സൂക്ഷിച്ചിട്ടുള്ളതും ആയ **86 ടയറുകളും 59 ട്യൂബുകളും 2017 ആഗസ്റ്റ് 10ആം തീയതി രാവിലെ 11 മണിക്ക്** പോലീസ് ട്രെയിനിംഗ് കോളേജ് ഓഫീസ് വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടങ്കൽ തുകയുടെ 10 ശതമാനമായ 700 രൂപ നിരതദ്രവ്യം ബന്ധപ്പെട്ട ഓഫീസർ മുൻപാകെ അടച്ച്, രശീത് വാങ്ങേണ്ടതാണ്. ലേല നടപടികൾ പൂർത്തിയാക്കിയാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരികെ നൽകുന്നതാണ്. കൂടാതെ ടി സാധനങ്ങളുടെ ലേലവിൽപ്പനക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ, തപാൽ മാർഗ്ഗമോ പോലീസ് ട്രെയിനിംഗ് കോളേജ് മേധാവിയായ പ്രിൻസിപ്പൽ പേർക്ക് **08-08-2017**ആം തീയതി വൈകുന്നേരം **05 മണിക്ക്** മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മേൽപ്പടി ദർഘാസിനോപ്പം ഏതെങ്കിലും ദേശസാൽക്രിത ബാങ്കിൽ നിന്നും പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ പേരിൽ വാങ്ങിയിട്ടുള്ളതും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ആൽത്തറ തിരുവനന്തപുരം ശാഖയിൽ നിന്നും മാറാവുന്നതുമായ നിശ്ചിത നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതുമാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരുപാധികം നിരസ്സിക്കുന്നതാണ്. ഇങ്ങനെ സമർപ്പിക്കുന്ന ദർഘാസ് കവറിനുമുകളിൽ **"ടയറുകളുടെയും ട്യൂബുകളുടെയും ലേലത്തിനുള്ള ദർഘാസ്"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ദർഘാസ് നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് നിർദിഷ്ട ലേലസമയത്തുതന്നെ ഹാജരാകേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻതന്നെ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ, ദർഘാസിലോ ഏതിലാണ് കൂടുതൽ തുക കാണുന്നത് എന്നു നോക്കി അതിലെ കൂടുതൽ തുകക്ക് വിൽപ്പന താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുശ്രിതം ഉള്ള വില്പ്പന നികുതി അടക്കം ലേല ദർഘാസ് തുകയുടെ പകുതി ലേല സ്ഥലത്തുവച്ച് അടക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്തുദിവസത്തിനകം ബാക്കി തുക കൂടി അടച്ച് മേൽപ്പടി ലേലവസ്തുക്കൾ സ്വന്തമാക്കേണ്ടതും, സ്വന്തം ചിലവിൽതന്നെ ലേലവസ്തുക്കൾ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൈക്കൊണ്ടയാൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ ലംഘിച്ചാൽ, ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലവസ്തുക്കൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിനു നഷ്ടം ഉണ്ടായാൽ ആയതിന് ആദ്യം ലേലം കൈക്കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതുമാണ്. അങ്ങനെ നഷ്ടം ഉണ്ടാക്കപ്പെടുന്ന തുക ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുകക്ക് മേൽപ്പടി ലേലവസ്തുക്കൾ ലേലം ഉറപ്പിക്കുകയാണെങ്കിൽ, അങ്ങനെ കൂടുതൽ കിട്ടുന്ന തുകക്ക് മേൽപ്പടിയാന് യാതൊരു അർഹതയും ഇല്ലാത്തതുമാണ്. ലേലവസ്തുക്കൾ ലേലതീയതിക്ക് മുൻപുള്ള പ്രവർത്തിദിവസങ്ങളിൽ **രാവിലെ 10 മണിമുതൽ വൈകിട്ട് 05 മണിവരെ** ഉള്ള ഓഫീസ് സമയത്ത് പോലീസ് ട്രെയിനിംഗ് കോളേജ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ

ഓഫീസ് സമയത്ത് പോലീസ് ട്രെയിനിംഗ് കോളേജ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ നേരിട്ടെത്തി, ബന്ധപ്പെട്ട ഓഫീസറുടെ അനുമതിയോടെ പരിശോദിക്കാവുന്നതാണ്. ടി ലേല/ദർഘാസ് നടപടികൾ യാതൊരു കാരണവും കാണിക്കാതെ നിർത്തി വയ്ക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ, മാറ്റി വൈക്കുന്നതിനോ ഉള്ള പൂർണ അധികാരം ബഹു. പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലിന് ഉണ്ടായിരിക്കുന്നതാണ്. ലേലം സംബധിച്ച് ലേലസമയത്തും അതിനുശേഷവും പ്രിൻസിപ്പൽ, പോലീസ് ട്രെയിനിംഗ് കോളേജിൻറെ തീരുമാനം അന്തിമമായിരിക്കും.

P PRAKASH IPS
Principal

Copy To : 1, സംസ്ഥാനത്തെ എല്ലാ പോലീസ് മേധാവികൾക്കും, കമ്മിഷണർമാർക്കും, ബറ്റാലിയൻ കമാണ്ടാന്റമാർക്കും വിപുലമായ പരസ്യത്തിനു വേണ്ടി. 2, തിരുവനന്തപുരം ജില്ലയിലെ എല്ലാ പോലീസ് ഓഫീസിര്മാരുടെയും അറിവിലേക്കും വിപുലമായ പരസ്യത്തിനും വേണ്ടി. 3, പോലീസ് ആസ്ഥാനത്തെ മോട്ടോർ ട്രസ്പോരട്ട് സൂപ്രണ്ടിന്റെ അറിവിലേക്കും അനന്തര നടപടികൾക്കും വേണ്ടി. 4, പോലീസ് ട്രെയിനിംഗ് കോളേജ് മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടറുടെ അറിവിലേക്കും അനന്തര നടപടികൾക്കും വേണ്ടി. 5, നോട്ടീസ് ബോർഡ്.

Internal Administrative Processing System
iAPS
KERALA POLICE